# കാലിക്കറ്റ് സർവ്വകലാശാല

**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്**

28788/DOA-ASST-6/2025/Admn 24.06.2025

## ബി എഡ് 2025- 26 പത്രക്കുറിപ്പ്

കാലിക്കറ്റ് സർവ്വകലാശാല 2025-26 അധ്യയന വർഷത്തിലേക്കുള്ള ബി.എഡ്. (കോമേഴ്സ് ഓപ് ഷൻ ഒഴികെ) & ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (Hearing impaired & Intellectual disability) പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ട്രയൽ അലോട്ട്മെന്റ് സ്റ്റുഡൻറ് ലോഗിനിൽ ലഭ്യമാവുന്നതാണ്. ട്രയൽ അല്ലോട് മെന്റിനെ തുടർന്ന് 25.06.2025 വൈകുന്നേരം 5 മണി വരെ ( മൊബൈൽ നമ്പർ, ഇമെയിൽ ഐഡി ഒഴികെ ) എഡിറ്റിങ്ങിന് സൗകര്യമുണ്ടായിരിക്കുന്നതാണ്. ഇതിനായി വിദ്യാർത്ഥിയുടെ ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതും Unlock/Editing എന്ന ലിങ്കിലൂടെ ആവശ്യമുള്ള തിരുത്തലുകൾക്ക് ശേഷം പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും ഡൌൺലോഡ് ചെയ്തു സൂക്ഷിക്കേണ്ടതാണ്.

Unlock/Editing എന്ന ലിങ്കിലൂടെ എഡിറ്റ് ചെയ്യാൻ ശ്രമിച്ച വിദ്യാർത്ഥികൾ അപേക്ഷ പൂർത്തീകരിച്ചു പുതിയ പ്രിന്റൗട്ട് എടുത്തിട്ടില്ലെങ്കിൽ തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താക്കപ്പെടുന്നതായിരിക്കും. പ്രസ്തുത അപേക്ഷകൾ പൂർത്തീകരിക്കുന്നതിനുള്ള അവസരം രണ്ടാം അല്ലോട് മെന്റിന് ശേഷം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. യാതൊരു കാരണവശാലും പൂർത്തീകരിക്കാത്ത അപേക്ഷ അല്ലോട് മെന്റിന് പരിഗണിക്കില്ല.

അപേക്ഷകർ ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മാർക്ക് കൃത്യമാണെന്നും , NSS, NCC തുടങ്ങിയ വെയിറ്റേജ് സർട്ടിഫിക്കറ്റുകൾ ബിരുദ പ്രോഗ്രാമിന്റെ കാലയളവിൽ ഉള്ളതാണെന്നും, NCL, EWS സംവരണ വിവരങ്ങൾ എന്നിവ കൃത്യമാണെന്നും ഉറപ്പുവരുത്തേണ്ടതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റും വാർത്തകളും ശ്രദ്ധിക്കേണ്ടതാണ്. അലാട്ട്മെന്റ്/അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ട വ്യക്തിഗത അറിയിപ്പുകൾ സർവകലാശാല നൽകുന്നതല്ല.

ഫോൺ : 0494 2407017, 7016, 2660600.

Dr.Sebastian C.D
Director, DOA